"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ക്ലർക്കായ ശ്രീ. അനിൽ എസ്-നെതിരെ ആരംഭിച്ച അച്ചടക്കനടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.772/2024/LSGD തീയതി,തിരുവനന്തപുരം, 24-04-2024

പരാമർശം:-
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.03.2020തീയതിയിലെ ഇ19(എസ്.സി.46/2019/എസ്.ഐ.യു-1) 1341/2020 നമ്പർ കത്ത്
2. 17.04.2021 തീയതിയിലെ ഇയു2-63/2021-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. പ്രിൻസിപ്പൽഡയറക്ടറുടെ 16.03.2024 തീയതിയിലെ LSGD/PD/1659/2023-VIGA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 07.12.2019 ൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗത്തിലെ രേഖകൾ പരിശോധിക്കുകയും, UE-1 സെക്ഷനിലെ UE-1/ഡിഎ/138/17 നമ്പർ ഫയൽ പരിശോധിച്ചതിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ശ്രീമതി. മിനിമോൾ.ഡി. എന്നയാൾ 21.02.2019ൽ സമർപ്പിച്ച അപേക്ഷ 26.06.2019 വരെ അന്നത്തെ സെക്ഷൻ ക്ലർക്കായിരുന്ന ക്ലർക്കായ ശ്രീ. അനിൽ എസ്-ന്റെ കൈവശം യാതൊരുനടപടിയും സ്വീകരിക്കാതെ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയിരുന്നു. 2019 മാർച്ച് 25 മുതൽ ആഗസ്റ്റ് 25 വരെ 5 മാസക്കാലയളവിൽ UE-1 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ടിയാൾ നിരുത്തരവാദിത്വപരമായി ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്നതിനാൽ ടി സെക്ഷനിൽ എത്ര അപേക്ഷ ലഭിച്ചുവെന്നോ എത്ര എണ്ണം തീർപ്പുകൽപ്പിക്കാനുണ്ട് എന്നോ വ്യക്തമായ വിവരം ലഭിച്ചിരുന്നില്ല എന്നും, ടിയാൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ലായെന്നും പരിശോധനയിൽ കണ്ടെത്തിയിരുന്നു. മിന്നൽ പരിശോധന റിപ്പോർട്ടിലെ വിജിലൻസ് ഡയറക്ടറുടെ പരാമർശം - 1 ലെ ശുപാർശ പ്രകാരം മേൽ ക്രമക്കേടുകൾക്ക് ഉള്ളൂർ നഗരസഭ സോണൽ ഓഫീസിലെ ക്ലർക്കായ ശ്രീ. അനിൽ എസ്-നെതിരെ അച്ചടക്കനടപടി ആരംഭിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. പ്രസ്തുത കുറ്റാരോപണമെമ്മോ/പത്രികയിൽ ശ്രീ. അനിൽ എസ് സമർപ്പിച്ച

എതിർവാദപത്രിക പ്രകാരം, 25/03/2019 തീയതിയിലാണ് മൂന്ന് വാർഡിലെ പെർമിറ്റ്, ഒക്കുപൻസി, പരാതി, വിവരാവകാശം ഉൾപ്പെടെയുള്ള സെക്ഷൻ ഏറ്റെടുക്കുന്നതെന്നും ഈ സമയം സെക്ഷനിൽ ആളില്ലാത്തതിനാൽ സ്വയമേവ എല്ലാ ഫയലുകളും കൈകാര്യം ചെയ്തിട്ടുണ്ടെന്നും മേൽ സെക്ഷനിൽ കുറച്ച് കാലമായി ആളില്ലാതിരുന്നതിനാൽ വളരെയധികം ഫയലുകൾ പെൻഡിംഗ് ആയിരുന്നുവെന്നും ടിയാന്റെ വലതുകാലിനും കൈയ്ക്കും സ്വാധീനം കുറവായതിനാൽ വേഗത്തിൽ ജോലികൾ തീർക്കാൻ പ്രയാസമാണെന്നും ആയതിനാൽ മനപൂർവ്വമല്ലാത്ത വീഴ്ചകൾ മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3.ശ്രീ. അനിൽ എസ് സമർപ്പിച്ച മറുപടിയിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, ടിയാന്റെ മറുപടി പരിശോധിച്ചതിൽ നിന്നും ടിയാൻ ഭിന്നശേഷിക്കാരൻ ആണെങ്കിലും ടിയാന്റെ വാദങ്ങൾ പൂർണ്ണമായും അംഗീകരിക്കാവുന്നതല്ലെന്നു കാണുന്നുവെന്നും ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനായി ലഭിച്ച അപേക്ഷയിൽ 4 മാസത്തിലധികം യാതൊരു നടപടിയും സ്വീകരിക്കാത്തത് ന്യായീകരിക്കാൻ കഴിയുന്നതല്ലായെന്നും യഥാസമയം ഒക്കുപൻസി സർട്ടിഫിക്കറ്റ് അപേക്ഷകന് ലഭ്യമാക്കുന്നതിന് കാലതാമസം വന്നത് ടിയാന്റെ ഭാഗത്തുള്ള വീഴ്ചയായി കണക്കാക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ പേഴ്സണൽ രജിസ്റ്റർ എഴുതാത്തത് സംബന്ധിച്ച് ടിയാൻ യാതൊന്നും ബോധിപ്പിച്ചിട്ടില്ല എന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ തുടർനടപടികൾക്കായി അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം ശ്രീ. അനിൽ എസ് സമർപ്പിച്ച മറുപടിയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഒക്കുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 21.02.2019 ൽ സമർപ്പിച്ച അപേക്ഷ 24.06.2019 വരെ യാതൊരു നടപടിയും സ്വീകരിക്കാതെ ടിയാന്റെ കൈവശം സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തിയതിൽ ശ്രീ. അനിൽ എസ്-ന്റെ മറുപടി പ്രകാരം, മേൽ സെക്ഷനിൽ കുറച്ച് കാലമായി ആളില്ലാതിരുന്നതിനാൽ വളരെയധികം ഫയലുകൾ പെൻഡിംഗ് ആയിരുന്നുവെന്നും ടിയാന്റെ വലതുകാലിനും കൈയ്ക്കും സ്വാധീനം കുറവായതിനാൽ വേഗത്തിൽ ജോലികൾ തീർക്കാൻ പ്രയാസമാണെന്നും അറിയിക്കുന്നു. എന്നാൽ പേഴ്സണൽ രജിസ്റ്റർ എഴുതാത്തത് സംബന്ധിച്ച് ടിയാൻ യാതൊന്നും ബോധിപ്പിച്ചിട്ടില്ല. ആയതിനാൽ പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടതുപ്രകാരം, ഭിന്നശേഷിക്കാരൻ ആണെങ്കിലും ടിയാന്റെ വാദങ്ങൾ പൂർണ്ണമായും അംഗീകരിക്കാവുന്നതല്ലെന്നും, ആരോപണവിഷയത്തിൽ ടിയാന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

5. മേൽ സാഹചര്യത്തിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ഉള്ളൂർ നഗരസഭ സോണൽ ഓഫീസിലെ ക്ലർക്കായ ശ്രീ. അനിൽ എസ്-ന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കാണുന്നതിനാൽ ടിയാനെതിരേ ആരംഭിച്ച അച്ചടക്കനടപടി Censure(ശാസന) നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അനിൽ എസ്, ക്ലർക്ക്, ഉള്ളൂർ നഗരസഭ സോണൽ ഓഫീസ്, തിരുവനന്തപുരം നഗരസഭ
( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 29-04-2024 10:50:20
സെക്ഷൻ ഓഫീസർ